# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 649** **02-11-2016-ൽ മറുപടിയ്ക്ക്**

## നികുതി ചോർച്ച അവസാനിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ

| | ചോദ്യം<br>ശ്രീ. ശ്രീ.പി.വി. അൻവർ<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. സി.കെ. ഹരീന്ദ്രൻ<br>ശ്രീ. പി.കെ.ശശി | | മറുപടി<br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് അഞ്ചുവർഷം കൊണ്ടുണ്ടായ നികുതി ചോർച്ചയിലൂടെ ഖജനാവിന് എത്ര തുക നഷ്ടം വന്നുവെന്നാണ് ആസൂത്രണ ബോർഡ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ; | (എ) | സംസ്ഥാന ആസൂത്രണ ബോർഡ് മുൻ സർക്കാരിന്റെ കാലത്ത് നികുതി ചോർച്ചയിലൂടെ ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടില്ല ഇതുസംബന്ധിച്ച് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ബി) | മുഖ്യനികുതിയിനമായ വാണിജ്യ നികുതി നിരക്കിൽ 25 ശതമാനത്തോളം വർദ്ധനവ് വരുത്തിയിട്ടും വാണിജ്യ നികുതി വർദ്ധനവിന്റെ നിരക്ക് ഇടിയുവാനുള്ള കാരണം പരിശോധിച്ചിരുന്നോ; വിശദാംശം നൽകുമോ; | (ബി) | മുഖ്യ നികുതി ഇനമായ വാണിജ്യ നികുതി നിരക്കിൽ 25 ശതമാനത്തോളം വർദ്ധനവ് വരുത്തിയിട്ടും വാണിജ്യ നികുതി വർദ്ധനവിന്റെ നിരക്ക് ഇടിയുവാനുള്ള കാരണം പരിശോധിച്ചിട്ടുണ്ട്.<br><br>നികുതി നിരക്ക് ഗണ്യമായി ഉയർത്തിയിട്ടും വാണിജ്യ നികുതി വരുമാന വർദ്ധനവ് ഇടിഞ്ഞതിന്റെ പ്രധാന കാരണം നികുതി പിരിവിലെ കാര്യക്ഷമതയില്ലായ്മയും അഴിമതിയുമാണ്.<br><br>റബ്ബറിന്റെ വില മുൻ വർഷത്തെ വിലയേക്കാൾ ക്രമാതീതമായി കുറഞ്ഞത് ജനങ്ങളുടെ ക്രയ ശേഷിയെയും നികുതി വരുമാനത്തെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 31-03-2016 വരെയുള്ള കണക്കനുസരിച്ച് റബ്ബറിൽനിന്നുള്ള |

| | | | |
|---|---|---|---|
| | | | വരുമാനത്തിൽ 9% കുറവ് വന്നിട്ടുണ്ട്. കൂടാതെ 2014 ഡിസംബർ 20 മുതൽ 2015 മാർച്ച് 31 വരെ റബ്ബറിനെ നികുതിയിൽ നിന്ന് ഒഴിവാക്കിയതും നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു.<br>മോട്ടോർ വാഹനങ്ങളിൽനിന്നുള്ള നികുതി സംസ്ഥാനത്തിന്റെ വാറ്റ് നികുതി പിരിവിന്റെ 18 ശതമാനത്തോളം വരും. പ്രസ്തുത ഇനത്തിൽ മുൻ വർഷങ്ങളിൽ 23 ശതമാനത്തോളം വളർച്ചാ നിരക്ക് രേഖപ്പെടുത്തിയ സ്ഥാനത്ത് 2015-16 സാമ്പത്തിക വർഷം 7% വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.<br>ഇതിനു പുറമെ എണ്ണ കമ്പനികളിൽ നിന്നും സാധാരണ 20% ത്തോളം വർദ്ധനവ് രേഖപ്പെടുത്തിയിരുന്ന സ്ഥാനത്ത് 2016 മാർച്ച് 31 വരെ 9% വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ വന്ന കുറവും ബിറ്റുമെൻ, ഫർണസ് ഓയിൽ എന്നിവയുടെ വിൽപനയിൽ വന്ന കുറവുമാണ് ഇതിനു കാരണം.<br>അരി, ഗോതമ്പ്, മൈദ, ആട്ട, സൂചി എന്നിവയെ നികുതിയിൽ നിന്ന് ഒഴിവാക്കിയതും ചിക്കന്റെ നികുതിയിനത്തിൽ ഉദ്ദേശിച്ച വളർച്ച കൈവരിക്കാൻ സാധിക്കാത്തതും ബാർ ഹോട്ടലുകൾ അടച്ചതും നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചു. |
| **(സി)** | വൻതോതിൽ നടന്ന നികുതി ചോർച്ച അവസാനിപ്പിക്കാനായി ആവിഷ്കരിച്ചിരിക്കുന്ന തന്ത്രങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | **(സി)** | നികുതി ചോർച്ച തടയുന്നതിനായി വിവിധ വകുപ്പുകളിൽ ആവിഷ്കരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>**I. <u>വാണിജ്യ നികുതി വകുപ്പ്</u>**<br>**1.** കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. |

| | | | |
|---|---|---|---|
| | | | 2. ഉപഭോക്താക്കൾ ബില്ല് ചോദിച്ച വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു. അതുപോലെതന്നെ കംപ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ് ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു.<br>**3.** കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കും<br>**4.** ചെക്ക്പോസ്റ്റുകളെ ആധുനിക ഡാറ്റാ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റും<br>**5.** അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.<br>**6.** റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കും<br>**7.** റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.<br>**8.** നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.<br>**9.** ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതാണ്.<br>**10.** നികുതി ഉപദേശക സേവന യൂണിറ്റ് ആരംഭിക്കും.<br>**11.** വാറ്റ് കൺസൾട്ടേറ്റീവ് കമ്മിറ്റി പ്രവർത്തന ക്ഷമമാക്കും<br>**12.** അനുമാന നികുതിദായകർക്കും കെ.ജി.എസ്.റ്റി. കുടിശ്ശികയുള്ളവർക്കും ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.<br>**II. <u>രജിസ്ട്രേഷൻ വകുപ്പ്</u>**<br>രജിസ്ട്രേഷൻ വകുപ്പിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി 1986 മുതൽ 2010 വരെയുള്ള അണ്ടർ വാല്യുവേഷൻ കേസുകളുടെ ഒറ്റത്തവണ തീർപ്പാക്കൽ നടത്തുവാൻ നിശ്ചയിച്ച 2016 ഫിനാൻസ് ബില്ലിലൂടെ വിലയാധാരങ്ങളുടെ മുദ്രനിരക്ക് |

6 ശതമാനം എന്നുള്ളത് 8 ശതമാനമായി വർദ്ധിപ്പിച്ചു. അതോടൊപ്പം കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ഒഴിമുറി, ദാനം, ധനനിശ്ചയം എന്നിവയിലും പുതുക്കലുകൾ വരുത്തിയിട്ടുണ്ട്.

**III. <u>ലാന്റ് റവന്യൂ വകുപ്പ്</u>**

ലാന്റ് റവന്യൂ വകുപ്പിൽ കെട്ടിട നികുതി, ആഡംബര നികുതി, സർക്കാർ കുടിശ്ശികയുള്ള റവന്യൂ റിക്കവറി എന്നീ ഇനങ്ങളിലെ പിരിവ് പുരോഗതി വിലയിരുത്തുന്നതിനും, നിർദ്ദേശങ്ങൾ നൽകുന്നതിനും താലൂക്ക് അടിസ്ഥാനത്തിൽ ഡെപ്യൂട്ടി കളക്ടർമാർക്ക് ചാർജ്ജ് നൽകുന്നതിനും ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് വാങ്ങി പരിശോധിച്ച് വീഴ്ച വരുത്തിയ താലൂക്ക് തഹസിൽദാർ, വില്ലേജ് ഓഫീസർമാർ, റവന്യൂ റിക്കവറി തഹസിൽദാർ എന്നിവരുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലകളിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ മേൽ വിഷയങ്ങൾ സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ കൂടി ഉൾപ്പെടുത്തുന്നതിനും സ്റ്റേ നീക്കം ചെയ്യുന്ന വിഷയത്തിൽ ലോ ഓഫീസറുടെ സേവനം കൂടി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലാന്റ് റവന്യൂ ഇനങ്ങളായ കെട്ടിട നികുതി, ആഡംബര നികുതി എന്നീ ഇനങ്ങളിൽ അധിക വിഭവ സമാഹരണം നടത്തുന്നതിനായി 01-08-2016 മുതൽ താലൂക്ക് - ജില്ലാ തലത്തിൽ ഒരു സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്.

**IV. <u>എക്സൈസ് വകുപ്പ്</u>**

എക്സൈസ് വകുപ്പിൽ നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉത്പാദനം, വിതരണം, വിപണനം ഇവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തി വരുന്നത്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽനിന്നും വ്യാജ മദ്യങ്ങൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക്

| | | | |
|---|---|---|---|
| | | | പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്.<br>**V. <u>മോട്ടോർ വാഹന വകുപ്പ്</u>**<br>15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള നോൺ ട്രാൻസ്പോർട്ട് ഹെവി ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും 10 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും 'ഗ്രീൻ ടാക്സ്' ചുമത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. അധിക നികുതി സമാഹരണം ലക്ഷ്യമിട്ട് എൻഫോഴ്സ്മെന്റ് പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ.**